ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിൽ വൈദ്യുത വാഹനങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്രമന്ത്രി മനോഹർ ലാൽ.

**Union Minister Manohar Lal said that electric vehicles play a crucial role in reducing air pollution.**

2. രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യവും പ്രാധാന്യവും ലോകത്തിന് മുന്നിൽ അവതരിപ്പിക്കേണ്ടതുണ്ടെന്ന് കേന്ദ്രമന്ത്രി എൽ. മുരുകൻ.

**Union Minister L. Murugan said that the country's cultural heritage and importance should be presented to the world**

3. റഷ്യ-ഇന്ത്യ ബിസിനസ്സ് ഫോറത്തിൽ പങ്കെടുക്കുന്നതിനായി റഷ്യൻ ഉപപ്രധാനമന്ത്രി ഡെനിസ് മാൻടുറോഫ് നാളെ ഇന്ത്യയിലെത്തും. ഉഭയകക്ഷി വ്യാപാരം, വാണിജ്യം എന്നിവ വർധിപ്പിക്കുന്നത് ചർച്ചയാകും.

**Russian Deputy Prime Minister Denis Manturov will arrive in India tomorrow to attend the Russia-India Business Forum. Increasing bilateral trade and commerce will be discussed.**

4. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ഇന്ന് പദവിയിൽ

നിന്ന് വിരമിക്കും. പിൻഗാമിയായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ ചുമതലയേൽക്കും.

**Supreme Court Chief Justice DY Chandrachud will retire today. Justice Sanjeev Khanna will take over tomorrow as his successor.**

5. കേരളത്തിൽ വയനാട്, ചേലക്കര ഉപതെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ സമാപിക്കും. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം സജീവം.

**Campaign for Wayanad and Chelakkara by-elections in Kerala will end tomorrow. Maharashtra and Jharkhand assembly election campaign is active.**

6. ന്യൂ സൗത്ത് വെയിൽസ് ഓപ്പൺ സ്ക്വാഷ് ടൂർണമെൻറിൽ ഇന്ത്യയുടെ അനാഹത് സിംഗിന് കിരീടം. ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

**India's Anahat Singh wins the New South Wales Open squash tournament. Today is the second match of the India vs South Africa Twenty20 cricket series**

**&&&&&&&&&&&&&&&&&&&&&**

# HEADLINE 5A

**MAHA-ELECTION**

ഈ മാസം 20-ന് നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ വിവിധ പാർട്ടികൾ പ്രചാരണം സജീവമാക്കി. BJP-യുടെ പ്രകടനപത്രിക കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ

പ്രകാശനം ചെയ്യു. വടക്കൻ മഹാരാഷ്ട്രയിൽ മൂന്ന് റാലികളിലും അദ്ദേഹം പങ്കെടുക്കും. അതെ സമയം, മഹാ വികാസ് അഘാഡിയുടെ പ്രകടനപത്രിക പുറത്തിറക്കുന്ന ചടങ്ങ് മുംബൈയിൽ പുരോഗമിക്കുന്നു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പത്രിക പ്രകാശനം ചെയ്യും. എൻസിപി, ശിവസേന എന്നീ പാർട്ടികളും പ്രചാരണം ഊർജിതമാക്കി.

**&&&&&&&&&&&&&&&&&&&&&&**

# HEADLINE 5B

**JHARKHAND – CAMPAIGNING**

ഝാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പ് ബുധനാഴ്ച നടക്കാനിരിക്കെ പ്രചാരണം അവസാന ഘട്ടത്തിൽ. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബൊക്കാറോയിലും ഗർവായിലും രണ്ട് റാലികളെ അഭിസംബോധന ചെയ്യും. ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ, ആർജെഡി നേതാവ് തേജസ്വി യാദവ് എന്നിവരും പൊതുയോഗങ്ങളിൽ പങ്കെടുക്കും. 81 അംഗ ഝാർഖണ്ഡ് നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് നടക്കുന്നത്.

**&&&&&&&&&&&&&&&&&&&&&&**

# HEADLINE 5

**BY ELECTION KERALA**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം നാളെ സമാപിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് ഇവിടെ വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

**&&&&&&&&&&&&&&&&&&&&&&**

***WAYANAD ELECTION ( INTRO )***

***ലോക്സഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്ടിൽ മുന്നണികളുടെ അവസാനവട്ട പ്രചാരണം ശക്തം. UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്ന് വയനാട്ടിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. LDF സ്ഥാനാർഥി സത്യൻ മൊകേരി, NDA സ്ഥാനാർഥി നവ്യ ഹരിദാസ് എന്നിവരും തിരക്കിട്ട പ്രചാരണത്തിലാണ്.***

***വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്......***
***( വോയിസ് )***

**&&&&&&&&&&&&&&&&&&&&&**

# HEADLINE 2

**MOS L MURUGAN – FILM**

രാജ്യത്തെ സിനിമാ വ്യവസായത്തെ പരിപോഷിപ്പിക്കാൻ നിരവധി പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ, സഹമന്ത്രി എൽ. മുരുകൻ. രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യവും പ്രാധാന്യവും ലോകത്തിന് മുന്നിൽ അവതരിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. 55-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള, ഫിലിം ബസാർ 2024, വേൾഡ് ഓഡിയോ വിഷ്വൽ ആൻഡ് എന്റർടെയ്ൻമെന്റ് സമ്മിറ്റ് എന്നിവ ഫെബ്രുവരി 5 നും 09 നും ഇടയിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുമെന്നും കേന്ദ്ര സഹമന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&**

# HEADLINE 3

**DENIS MANTUROV– INDIA VISIT**

റഷ്യ-ഇന്ത്യ ബിസിനസ്സ് ഫോറത്തിൽ പങ്കെടുക്കുന്നതിനായി റഷ്യൻ ഉപപ്രധാനമന്ത്രി ഡെനിസ് മാൻടുറോഫ് നാളെ ഇന്ത്യയിലെത്തും. മുംബൈയിൽ നടക്കുന്ന സമ്മേളനത്തിൽ ഉഭയകക്ഷി വ്യാപാരം, വാണിജ്യം എന്നിവ വർധിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ ചർച്ചയാകും. തുടർന്ന് ചൊവ്വാഴ്ച ന്യൂ ഡൽഹിയിൽ എത്തുന്ന റഷ്യൻ ഉപപ്രധാനമന്ത്രി, ഉഭയകക്ഷി വാണിജ്യ-സാമ്പത്തികകാര്യ കമ്മീഷൻ യോഗത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറിനോടൊപ്പം അധ്യക്ഷത വഹിക്കും.

**&&&&&&&&&&&&&&&&&&&&&**

## HEADLINE 1

***MANOHAR -EV PROGRAM (INTRO)***

***അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിൽ വൈദ്യുത വാഹനങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര ഊർജ്ജ മന്ത്രി മനോഹർ ലാൽ. ന്യൂഡൽഹിയിൽ ഇലക്ട്രിക് വാഹന റാലി ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.***

***വ്യാവസായിക - നിർമ്മാണ പ്രവർത്തനങ്ങൾ, ഗതാഗതം തുടങ്ങിയ മേഖലകൾ മലിനീകരണം കുറയ്ക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.***

***(വോയ്സ്)***

***'ഇവി ഒരു സേവനം' എന്ന പരിപാടിയും കേന്ദ്രമന്ത്രി ചടങ്ങിൽ ഉദ്ഘാടനം ചെയ്തു.***

&&&&&&&&&&&&&&&&&&&&&&

## HEADLINE 4

**CJI-FAREWELL**

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ഇന്ന് പദവിയിൽ നിന്ന് വിരമിക്കും. 2022 നവംബറിലാണ് ചന്ദ്രചൂഡ് ചുമതലയേറ്റത്. പിൻഗാമിയായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ ചുമതലയേൽക്കും. സുപ്രീംകോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായാണ് സഞ്ജീവ് ഖന്ന എത്തുന്നത്.

&&&&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&&&&&

**WORLD IMMUNIZATION DAY**

പകർച്ചവ്യാധികൾ തടയുന്നതിലും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിലും വാക്സിനുകളുടെ പങ്കിനെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിട്ട് ഇന്ന് ലോക രോഗ പ്രതിരോധ ദിനം. പ്രതിരോധ കുത്തിവയ്പ്പ് സംരംഭങ്ങളിലൂടെ, പോളിയോ, മാതൃ- നവജാത ടെറ്റനസ്, അഞ്ചാംപനി, ഹെപ്പറ്റൈറ്റിസ് ബി എന്നിവയുൾപ്പെടെ നിരവധി മാരക രോഗങ്ങളെ ഇല്ലാതാക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ ഇന്ത്യക്ക് സാധിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&&&&&&&**

# HEADLINE 6

**SQUASH- NSW OPEN**

ഓസ്ട്രേലിയയിലെ സിഡ്നിയിൽ നടന്ന ന്യൂ സൗത്ത് വെയിൽസ് ഓപ്പൺ സ്ക്വാഷ് ടൂർണമെൻറിൽ ഇന്ത്യയുടെ അനാഹത് സിംഗ് വനിതാ സിംഗിൾസ് കിരീടം നേടി. ഹോങ്കോങ്ങിന്റെ ഹെലൻ ടാങ്ങിനെയാണ് അനാഹത് പരാജയപ്പെടുത്തിയത്. അനാഹത്തിന്റെ കരിയറിലെ ഏഴാമത്തെ പിഎസ്എ ചലഞ്ചർ ടൂർ കിരീടമാണിത്.

**&&&&&&&&&&&&&&&&&&&&&&**

# HEADLINE 6A

**CRICKET**

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെന്റ് ജോർജ് പാർക്ക് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 7.30-നാണ് മത്സരം.

**&&&&&&&&&&&&&&&&&&&&&&**

**SLK**

പ്രഥമ സൂപ്പർ ലീഗ് കേരളയുടെ കിരീടപ്പോരാട്ടത്തിൽ ഇന്ന് കാലിക്കറ്റ് എഫ് സി, ഫോഴ്സ കൊച്ചിയെ നേരിടും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം.

**&&&&&&&&&&&&&&&&&&&&&&**

## VIZHINJAM PORT

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച് 4 മാസം പിന്നിട്ടപ്പോൾ ഒരു ലക്ഷം TEU ചരക്ക് കൈകാര്യം ചെയ്ത തുറമുഖമെന്ന നാഴികകല്ല് പിന്നിട്ടതായി മന്ത്രി വി.എൻ വാസവൻ. ഇന്നലെ വരെയുള്ള കണക്ക് അനുസരിച്ച് 46 കപ്പലുകളാണ് തുറമുഖത്ത് എത്തിയത്. 7.4 കോടി രൂപയുടെ വരുമാനമാണ് ജി.എസ്. ടി ഇനത്തിൽ ലഭിച്ചതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

## *INDIAN NAVY QUIZ (INTRO)*

*നാവികസേനയുടെ നേതൃത്വത്തിൽ നടന്ന മൂന്നാമത് തിങ്ക് -ക്യു ക്വിസ് മത്സരത്തിൽ ജയ്പൂരിലെ, ജയശ്രീ പെരിവാൾ ഹൈസ്കൂൾ ജേതാക്കളായി. കണ്ണൂർ ഏഴിമലയിലെ ഇന്ത്യൻ നാവിക അക്കാദമിയുടെ നളന്ദ ബ്ലോക്കിൽ നടന്ന ഗ്രാൻഡ് ഫിനാലെയിൽ എട്ടു ടീമുകളാണ് മത്സരിച്ചത് . കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ......*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&&&&

## OBIT - DELHI GANESH

പ്രശസ്ത തെന്നിന്ത്യൻ നടൻ ഡൽഹി ഗണേഷ് അന്തരിച്ചു. 80 വയസായിരുന്നു. ചെന്നൈയിലെ രാമപുരം സെന്തമിഴ് നഗറിലെ വസതിയിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് ചെന്നൈയിൽ നടക്കും. തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളിലായി നാനൂറിലേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. അവ്വൈ ഷണ്മുഖി, നായകൻ, സത്യ, മൈക്കൽ മദന കാമ രാജൻ എന്നിവയാണ് പ്രധാന ചിത്രങ്ങൾ. കാലാപാനി, കൊച്ചി രാജാവ് തുടങ്ങിയ മലയാള സിനിമകളിലും ഡൽഹി ഗണേഷ് വേഷമിട്ടു. ഇന്ത്യൻ 2 ആണ് അവസാനചിത്രം.

&&&&&&&&&&&&&&&&&&&&&

## DAY J K-ENCOUNTER

ജമ്മു കശ്മീരിൽ, ശ്രീനഗർ നഗരത്തിനു സമീപമുള്ള സബർവാൻ വനമേഖലയിൽ ഭീകരരും സുരക്ഷാ സേനയും തമ്മിൽ ഇന്ന് രാവിലെയും ഏറ്റുമുട്ടലുണ്ടായി. പ്രദേശത്ത് ഭീകരർ ഒളിച്ചിരിക്കുന്നതായ രഹസ്യാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസും സുരക്ഷാ സേനയും നടത്തിയ സംയുക്ത തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&&&&

**KERALA HC CJ – LAKSHADWEEP**

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ എന്നിവരുടെ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനം ലക്ഷദ്വീപിലെ കവരത്തിയിൽ പുരോഗമിക്കുന്നു. ദേശീയ നിയമ സേവന ദിനാചരണങ്ങളുടെ ഭാഗമായി വയോധികർക്ക് വേണ്ടി നടപ്പാക്കുന്ന വയോ നന്മ പദ്ധതിയുടെ ഉദ്ഘാടനം ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിർവ്വഹിച്ചു.

&&&&&&&&&&&&&&&&&&&&&

**BIDEN –TRUMP MEET**

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് വിജയത്തിന് പിന്നാലെ നിലവിലെ പ്രസിഡന്റ് ജോ ബൈഡനെ സന്ദർശിക്കാൻ ഒരുങ്ങി ഡൊണൾഡ് ട്രംപ്. ഇരു നേതാക്കളും തമ്മിലുള്ള കൂടിക്കാഴ്ച ബുധനാഴ്ച നടക്കുമെന്ന് വൈറ്റ് ഹൌസ് വക്താവ് വ്യക്തമാക്കി. തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം സ്ഥാനമേൽക്കാൻ പോകുന്നയാൾ നിലവിലെ പ്രസിഡന്റിനെ സന്ദർശിക്കുന്നത്, അമേരിക്കയിൽ പതിവുള്ളതാണ്. എന്നാൽ 2020 ൽ അന്നത്തെ പ്രസിഡന്റ് ആയിരുന്ന ട്രംപ് ബൈഡനെ കാണാൻ തയ്യാറായിരുന്നില്ല. ഈ പശ്ചാത്തലത്തിൽ, കൂടിക്കാഴ്ച ശ്രദ്ധേയമാണ്.

&&&&&&&&&&&&&&&&&&&&&

**GEORGE KURIEN**

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള അഞ്ച് ദിവസത്തെ ബോധവൽക്കരണ- പ്രദർശന പരിപാടിക്ക്

നാളെ എറണാകുളത്ത് തുടക്കമാകും . അങ്കമാലിയിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ ആയുഷ് മിഷൻറെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും

&&&&&&&&&&&&&&&&&&&&&
&&&&&&&&&&&
&&&&